"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. എ1/77133/2015/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 09/11/2014

## സർക്കുലർ

വിഷയം : പൊതു വിദ്യാഭ്യാസം -പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് -ഏകലവ്യ/ **ആശ്രമം/മോഡൽ റസിഡൻഷ്യൽ സ്കൂൾ- അദ്ധ്യാപകരുടെ സ്ഥലം മാറ്റം മുഖേനയുള്ള നിയമനം - 2015-16 - സംബന്ധിച്ച് -**

**സൂചന :** (1) സ.ഉ. (അർ.റ്റി) നമ്പർ 2307/2008/പൊ.വി.വ തീയതി:23/5/2008.
(2) സ.ഉ. (സാധാ) നമ്പർ 1071/2011/പ.ജ.പ.വ.വി.വ തീയതി:5/11/2011.
(3) സർക്കാരിന്റെ 25/1/2012 തീയതിയിലെ 77830/ആർ 1/2011/പൊ.വി.വ. നമ്പർ കത്ത്.
(4) സർക്കാരിന്റെ 16/8/2012 തീയതിയിലെ 12012/ആർ1/2012/പൊ.വി.വ. നമ്പർ കത്ത്.
(5) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/12/2014-ലെ എ1/40801/14/ഡി.പി.ഐ നമ്പർ സർക്കുലർ
(6) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 16/10/1999 തീയതിയിലെ ഡി3/10791/1999 നമ്പർ സർക്കുലർ.
(7) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവ് ഡി3/15507/2015 തീയതി: 22/09/2015.

---

സംസ്ഥാനത്തു പ്രവർത്തിച്ചു വരുന്ന പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിനു കീഴിലുള്ള ഏകലവ്യ /ആശ്രമം/ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിലുള്ള ഒഴിവുകളിൽ സ്ഥലം മാറ്റം മുഖേന അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള പാനൽ രൂപീകരിക്കുന്നതിലേക്കായി സർക്കാർ സ്കൂളുകളിൽ ജോലി നോക്കുന്ന അദ്ധ്യാപകരെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനും പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ കൺവീനറുമായ ബോർഡാണ് കൂടിക്കാഴ്ച നടത്തുന്നത്. സ്കൂൾ ക്വാർട്ടേഴ്സിൽ താമസിച്ച് പഠിപ്പിക്കുവാൻ താൽപര്യമുള്ള അദ്ധ്യാപകർ മാത്രം ഇതോടൊപ്പമുള്ള മാതൃകയിൽ തയ്യാറാക്കിയ അപേക്ഷ സഹിതം 20/11/2015-ന് രാവിലെ 9 മണിക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നടക്കുന്ന കൂടിക്കാഴ്ചയിൽ പങ്കെടുക്കേണ്ടതാണ്. ബോർഡ് രൂപീകരിക്കുന്ന പാനലിൽ നിന്നും താഴെ പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലായിരിക്കും അദ്ധ്യാപക നിയമനം നടത്തുന്നത്.

(തുടർച്ച...)

വ്യവസ്ഥകൾ

1. നിയമനം ലഭിക്കുന്ന അദ്ധ്യാപകർ നിർബന്ധമായും സ്ക്കൂൾ ക്വാർട്ടേഴ്സിൽ താമസിച്ച് അദ്ധ്യയനം നടത്തേണ്ടതാണ്.

2. പാനലിൽ നിന്നുള്ള നിയമനങ്ങൾ യാതൊരു കാരണവശാലും റദ്ദു ചെയ്തു നൽകുന്നതല്ല. നിയമന ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി നിശ്ചിത തിയതിയ്ക്കകം ജോലിയിൽ പ്രവേശിക്കാത്ത അദ്ധ്യാപകർക്കെതിരെ കർശനമായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതാണ്.

3. അഭിമുഖത്തിലൂടെയുള്ള നിയമനങ്ങൾ പൊതു താൽപര്യാർത്ഥമുള്ള നിയമനങ്ങളായതിനാൽ അന്തർ ജില്ലാ സ്ഥലം മാറ്റത്തിനു പരിഗണിക്കാൻ നിലവിൽ യോഗ്യതയില്ലാത്ത അദ്ധ്യാപകർക്കും നിയമനം ലഭിക്കാൻ അർഹതയുണ്ട്.

4. നിയമനം ലഭിക്കുന്ന എല്ലാ അദ്ധ്യാപകരും ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷക്കാലം (കുറഞ്ഞത്) നിയമനം ലഭിക്കുന്ന സ്ക്കൂളിൽ ജോലി ചെയ്യേണ്ടതാണ്.

5. എം.ആർ.എസ് സ്ഥിതി ചെയ്യുന്ന ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം ആവശ്യപ്പെടുന്ന യോഗ്യതയുള്ള അദ്ധ്യാപകർക്ക് നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി മാത്രം ആയത് അനുവദിച്ചു നൽകുന്നതാണ്. ഇതിലേയ്ക്കായി നിയമനം അന്തർജില്ലാ സ്ഥലം മാറ്റമായി പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ പ്രത്യേകമായി തയ്യാറാക്കി പ്രധാനാദ്ധ്യാപകന്റെ ശുപാർശയോടുകൂടി കൂടിക്കാഴ്ച സമയത്തുതന്നെ ഹാജരാകേണ്ടതാണ്.

6. യോഗ്യതയുണ്ടായിട്ടും അന്തർജില്ലാ സ്ഥലംമാറ്റം ആവശ്യപ്പെടാത്ത അദ്ധ്യാപകരെയും, അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് പരിഗണിക്കാൻ യോഗ്യതയില്ലാത്ത അദ്ധ്യാപകരെയും എം.ആർ.എസ്-ലെ സേവനകാലാവധിക്കു ശേഷം മാതൃ ജില്ലയിലേക്ക് മടക്കി അയയ്ക്കുന്നതാണ്. ഈ അദ്ധ്യാപകരുടെ എം.ആർ.എസ് സേവനകാലം മാതൃ ജില്ലയിൽ നിലനിർത്തി സീനിയോറിറ്റി കണക്കാക്കുന്നതാണ്.

7. നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്കുള്ളിലെ എം.ആർ.എസ്-ൽ നിയമനം ലഭിക്കുന്നവർക്കും അന്തർജില്ലാ സ്ഥലംമാറ്റം മുഖേന നിയമനം ലഭിക്കുന്നവർക്കും നിർദ്ദിഷ്ട സേവകനകാലം പൂർത്തിയാക്കിയതിനു ശേഷം ജില്ലയ്ക്കുള്ളിലെ പൊതു സ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേന അപേക്ഷിക്കാവുന്നതാണ്. ഈ അദ്ധ്യാപകരെ എം.ആർ.എസ്-ൽ നിന്നും വിടുതൽ ചെയ്യുന്നതിലേക്കായി പ്രധാനാദ്ധ്യാപകന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി ആവശ്യമാണ്.

8. കാലാകാലങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും, വിദ്യാഭ്യാസ വകുപ്പും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ തെരെഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർ ബാധ്യസ്ഥരാണ്.

(തുടർച്ച...)

9. ശിക്ഷാനടപടിയുടെ ഭാഗമായോ മറ്റെന്തെങ്കിലും കാരണത്താലോ എം.ആർ.എസ്–ലെ സേവനം അവസാനിപ്പിക്കുകയാണെങ്കിൽ അദ്ധ്യാപകരെ അവർ ഏതു ജില്ലയിൽ നിന്നാണോ വന്നത് അതേ ജില്ലയിലേക്കുതന്നെ മാറ്റി നിയമിക്കുന്ന തായിരിക്കും.

10. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലെ മാനേജർ – കം – റസിഡൻഷ്യൽ ട്യൂട്ടർ (എം.സി.ആർ.റ്റി) തസ്തികയിൽ എച്ച്.എസ്.എ കേഡറിലുള്ളവരെ മാത്രമാണ് നിയമനത്തിന് പരിഗണിക്കുന്നത്. ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവരുടെ ജോലികളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ചുള്ള വ്യവസ്ഥകളടങ്ങിയ സർക്കുലർ ഇതോടൊപ്പം പ്രത്യേകമായി ചേർത്തിട്ടുണ്ട്.

11. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിൽ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം ഇതോടൊപ്പം പ്രത്യേമായി ചേർത്തിട്ടുണ്ട്.

വി.എസ്. ഉഷാകുമാരി
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,**
**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.**

പകർപ്പ് :- (1) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്,
വികാസ്ഭവൻ, തിരുവനന്തപുരം

(2) ഡയറക്ടർ പട്ടികജാതി വികനസ വകുപ്പ്,
വെള്ളയമ്പലം തിരുവനന്തപുരം.

(3) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും. (ഇ –മെയിൽ മുഖാന്തിരം)

(4) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(5) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(6) എല്ലാ ഹെഡ്മാസ്റ്റർമാർക്കും.
} വിദ്യാഭ്യാസ ഉപഡയറക്ടർ മുഖാന്തിരം

(7) എക്സിക്യൂട്ടീവ് ഡയറക്ടർ,
ഐ.ടി. @ സ്ക്കൂൾ പ്രോജക്ട്
} പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി നൽകുന്നു.

(8) കരുതൽ ഫയൽ.

## MODEL RESIDENTIAL SCHOOL TRANSFER AND POSTINGS 2015-16

**Application to Ekalavya/Ashram/Model Residential School...............................**

1. Name (Initials after the Name)* :
2. Working District* :
3. Working Sub District :
4. Name of Present Working School * :
5. Designation* :
6. Name of MRS to which transfer is required :
7. Date of Birth (DD/MM/YYYY)* :
8. Phone Number* :
9. Mobile Number :
10. (a) P.S.C Advice Number, Serial Number (Sl.No.) And Date of appointment in the present category (DD/MM/YYYY) :

    (b) Recruitment Order (RO), Serial Number (Sl.No) And Date of appointment in the present category (DD/MM/YYYY) :

11. Date of Joining duty in the present Revenue District in the present Category (DD/MM/YYYY) :

    (a) Exemptions if any, for minimum tenure of 5 year Service :

    (b) Whether applying under G.O.(Ms)No.94/2003 dated 23.04.2003.

12. Length of unqualified service if any* :

    (a) Deputation (Total No. of period including holidays in days)

    (b) L.W.A under Appendix XII A Part I KSR (Specify) :

13. Length of qualified service (YY/MM/DD) :

Place :

Date :

**Signature of the Applicant**

(Contd...2)

# DECLARATION

1. I, ..............................................................................do hereby declare that the particulars furnished in the application are true.
2. I, ..............................................................................do hereby declare that I am willing to be transferred to Ekalavya/Ashram/Model Residential School..................................................on conditions laid out in the Circular No.A1/77133/15/DPI dated 09/11/2015 issued by the Director of Public Instruction, Thiruvananthapuram.
3. (To be scored of the case of transfer within the Revenue District/transfer without the consideration of Inter District Transfer)

   I,......................................................................do hereby declare that I am willing to be transferred on condition that as the Junior most in ............................Revenue District in the respective of the fact whether I am working full-time or not at time of my transfer to ...............................Revenue district from..............................................Revenue District.

Place :

Date : **Signature of Applicant**

Certified that the service details and total qualifying service details as on 31st October 2015 furnished by Sri....................................................in the application have been verified and found correct.

The transfer is recommended.

Place :

Date : **Signature of Headmaster/AEO***

- If the school is LP/UP, not attaching with the High School, the application will be recommended by the AEO)

നമ്പർ.ഡി3. 10791/99

പട്ടികവർഗ്ഗ വികസന ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 16.10.99

## സർക്കുലർ

വിഷയം:- പട്ടികവർഗ്ഗവികസനം-മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ ട്യൂട്ടർ-കം-വാർഡൻ-ജോലികളും ഉത്തരവാദിത്വങ്ങളും.

സൂചന:- 28.6.99 ൽ കൂടിയ പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റി ഗവേണിംഗ് ബോഡി മീറ്റിംഗിലെ തീരുമാനം.

28.6.99 ൽ കൂടിയ പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിൽ നിയമിച്ചിട്ടുള്ള റസിഡൻഷ്യൽ ട്യൂട്ടർമാരുടെ ജോലികളേയും ഉത്തരവാദിത്വങ്ങളേയും സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നതിന് പട്ടികവർഗ്ഗ വികസന ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അതനുസരിച്ച് മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലെ ട്യൂട്ടർ-കം-വാർഡന്മാരുടെ ജോലികളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

<u>ട്യൂട്ടർ-കം-വാർഡന്മാരുടെ ജോലികളും ഉത്തരവാദിത്വങ്ങളും</u>

1. ഹോസ്റ്റൽ ജീവനക്കാരുടെ നിയന്ത്രണോദ്യോഗസ്ഥൻ വാർഡൻ ആയിരിക്കും. ഇവരുടെ വീക്ക് ഓഫ് അനുവദിച്ചു. ഡ്യൂട്ടി ക്രമീകരിക്കുക തുടങ്ങിയവ ഹെഡ്മാസ്റ്റർമാരുടെ അനുവാദത്തോടുകൂടി വാർഡൻ ചെയ്യുന്നതാണ്.
2. സ്ക്കൂൾ സമയം കഴിഞ്ഞുള്ള സമയങ്ങളിലും, അവധി ദിവസങ്ങളിലും അന്തേവാസികളുടെ പഠനകാര്യങ്ങളിൽ വാർഡൻ ശ്രദ്ധിക്കേണ്ടതും, പഠനത്തിലുണ്ടാകുന്ന സംശയങ്ങൾ ദൂരികരിച്ചു കൊടുക്കേണ്ടതുമാണ്.
3. വാർഡൻ ഹോസ്റ്റലിൽ കുട്ടികളോടൊപ്പം താമസിക്കേണ്ടതാണ്.
4. ഹോസ്റ്റലിൽ അന്തേവാസികളുടെ ഭക്ഷണ സമയത്തും, പഠന സമയങ്ങളിലും വാർഡൻ നിശ്ചയമായും അന്തേവാസികളുടെ ഭക്ഷണ സമയത്തും, പഠന സമയങ്ങളിലും വാർഡൻ നിശ്ചയമായും ഹോസ്റ്റലിൽ ഉണ്ടായിരിക്കേണ്ടതും, അന്തേവാസികൾക്ക് കൃത്യമായ അളവിലും ഗുണത്തിലും ഭക്ഷണം നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
5. ഓരോ അന്തേവാസിയേയും സംബന്ധിച്ചുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ വാർഡൻ സൂക്ഷിക്കേണ്ടതാണ്.
6. മോഡൽ റസിഡൻഷ്യൽ സ്ക്കൂളിലെ ഹോസ്റ്റലുകളുടെ സുഗമമായ നടത്തിപ്പനെ പ്രിൻസിപ്പാൾ ഹെഡ്മാസ്റ്റർമാർക്ക് ആവശ്യമായ സഹകരണങ്ങൾ നൽകേണ്ടതാണ്.



7. ഹോസ്റ്റലുകളിലെ അന്തേവാസികൾ യൂണിഫോമുകൾ, പുതപ്പുകൾ/ടവ്വലുകൾ, കായികോപകരണങ്ങൾ. മാഗസിനുകൾ, വർത്തമാനപത്രങ്ങൾ തുടങ്ങിയവ ഭംഗിയായും വ്യക്തമായും ഉപയോഗിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തണം.
8. പഠനസമയം കഴിഞ്ഞും, അവധി ദിവസങ്ങളിലും വിദ്യാർത്ഥികലുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനുള്ള പരിപൂർണ്ണമായ ഉത്തരവാദിത്വം വാർഡനായിരിക്കും.
9. ഹോസ്റ്റലിലേയ്ക്കുള്ള സാധനങ്ങൾ വാങ്ങുന്നതിലും, ബില്ലുകൾ/ഇൻഡന്റുകൾ തയ്യാറാക്കുന്നതിലും ഹെഡ്മാസ്റ്ററെ വാർഡൻ സഹായിക്കേണ്ടതാണ്.
10. ഹോസ്റ്റലിലെ സാധനങ്ങൾ, ഫർണീച്ചറുകൾ, രജിസ്റ്ററുകൾ തുടങ്ങിയവ വാർഡൻ സൂക്ഷിക്കേണ്ടതാണ്. ശരിയായ രീതിയിൽ മെസ് നടത്തുന്നതിനും, സാധനങ്ങൾ വാങ്ങുന്നതിനും, അതു സംബന്ധിച്ച് സ്റ്റേറ്റുമെന്റുകൾ തയ്യാറാക്കുന്നതിനും വാർഡൻ, പ്രിൻസിപ്പാൾ ഹെഡ്മാസ്റ്ററെ സഹായിക്കേണ്ടതാണ്.
11. ഹോസ്റ്റൽ അന്തേവാസികളുടെ ക്ഷേമത്തിന് വാർഡൻ ഉത്തരവാദിയാകുന്നതാണ്. അന്തേവാസികളുടെ നടപടി ദൂഷ്യത്തെ സംബന്ധിച്ച് ഉചിതമായ നടപടികൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്ററുടെ അംഗീകാരത്തോടു കൂടി വാർഡൻ സ്വീകരിക്കേണ്ടതാണ്.
12. ഹോസ്റ്റൽ ജീവനക്കാരുടെ ലീവ്, അന്തേവാസികളുടെ ലീവ് തുടങ്ങിയവ വാർഡന്റെ ശുപാർശയോടുകൂടി പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ അനുവദിക്കേണ്ടതാണ്.
13. ഹോസ്റ്റലിൽ കുട്ടികളുടെ അച്ചടക്കവും ചിട്ടയും ക്രമവുമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തേണ്ടത് വാർഡന്റെ ചുമതലയായിരിക്കും.
14. ഹോസ്റ്റലിന്റെ സുഗമമായ നടത്തിപ്പിന് പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ നിർദ്ദേശിക്കുന്ന എല്ലാ ഉത്തരവുകളും പാലിക്കുന്നതിന് വാർഡൻ ബാദ്ധ്യസ്ഥനാണ്.

ഒപ്പ്

ഡയറക്ടർ

പകർപ്പ്: എല്ലാ മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ ഹെഡ്മാസ്റ്റർമാരുടെ അറിവിലേക്ക് ബന്ധപ്പെട്ട ഐ.റ്റി.ഡി.പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്കും.

ഡയറക്ടർക്കുവേണ്ടി

എ1/77133/2015/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 09.11.2015

**പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിന്റെ അധീനതയിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ഇന്റർവ്യൂ മുഖാന്തിരം നികത്താവുന്ന അധ്യാപക ഒഴിവ് വിവരം (2015-16)**

| | സ്കൂളിന്റെ പേര് | ഇന്റർവ്യൂ മുഖാന്തിരം നികത്താവുന്ന ഒഴിവുകൾ |
|---|---|---|
| | **തിരുവനന്തപുരം** | |
| 1 | അയ്യൻകാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, വെള്ളായണി | എച്ച്.എസ്.എ. മലയാളം - 1 |
| 2 | അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, കട്ടേല | എച്ച്.എസ്.എ മലയാളം - 1 |
| | **കൊല്ലം** | |
| 3 | മോഡൽ റസിഡൻഷ്യൽ സ്കൂൾ കുളത്തൂപ്പുഴ കൊല്ലം | എച്ച്.എസ്.എ മലയാളം - 1<br>എച്ച്.എസ്.എ ഹിന്ദി - 1<br>എച്ച്.എസ്.എ. സോഷ്യൽ സയൻസ് - 1<br>എച്ച്.എസ്.എ (ഗണിതം) - 1 |
| | **പത്തനംതിട്ട** | |
| 4 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, വടശ്ശേരിക്കര, പേഴുംപാറ പി.ഒ. - പത്തനംതിട്ട | എച്ച്.എസ്.എ (മലയാളം) -1<br>എച്ച്.എസ്.എ (ഹിന്ദി) - 1<br>എച്ച്.എസ്.എ (കണക്ക്) - 2<br>എച്ച്.എസ്.എ(സോഷ്യൽ സയൻസ്)- 1<br>എച്ച്.എസ്.എ നാച്യുറൽ സയൻസ് -1<br>എം.സി.ആർ.റ്റി. - 1 |

| | | |
|---|---|---|
| | **ആലപ്പുഴ** | |
| 5 | ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ പുന്നപ്ര(ആലപ്പുഴ) | എച്ച്.എസ്.എ ഫിസിക്കൽ എഡ്യൂക്കേഷൻ - 1<br>സ്പെഷ്യൽ ടീച്ചർ<br>(സ്വീയിംഗ്, മ്യൂസിക്ക്/ഡ്രോയിംഗ്) - 1 |
| | **കോട്ടയം** | |
| 6 | മോഡൽ റസിഡൻഷ്യൽ സ്കൂൾ ഏറ്റുമാനൂർ, കോട്ടയം | എച്ച്.എസ്.എ (ഫിസിക്കൽ (എഡ്യൂക്കേഷൻ) - 1 |
| | **ഇടുക്കി** | |
| 7 | ജി.എം.ആർ.എസ്. പീരുമേട് | എച്ച്.എസ്.എ ഫിസിക്കൽ സയൻസ്<br>(തമിഴ് മീഡിയം) - 1<br>എം.സി.ആർ.റ്റി. - 1<br>മ്യൂസിക് ടീച്ചർ - 1<br>എച്ച്.എസ്.എ കണക്ക് - 1<br>(തമിഴ് മീഡിയം) |
| 8 | ജി.എം.ആർ.എസ്. പൈനാവ് | എം.സി.ആർ.റ്റി - 1<br>എച്ച്.എസ്.എ മലയാളം - 1 |
| | **എറണാകുളം** | |
| 9 | മോഡൽ റസിഡൻഷ്യൽ സ്കൂൾ കീഴ്മാട് ആലുവ | എച്ച്.എസ്.എ (ഗണിതം) - 1 |
| | **തൃശൂർ** | |
| 10 | മോഡൽ റസിഡൻഷ്യൽ സ്കൂൾ<br>വടക്കാഞ്ചേരി | എം.സി.ആർ.റ്റി. -1 |
| 11 | മോഡൽ റസിഡൻഷ്യൽ സ്കൂൾ<br>ചാലക്കുടി | എം.സി.ആർ.റ്റി. -1 |

| | | |
|---|---|---|
| 12 | ജി.എം.ആർ.എസ്. * <br> (ഇംഗ്ലീഷ് മീഡിയം) ചേലക്കര | എച്ച്.എസ്.എ മലയാളം - 2* <br> എച്ച്.എസ്.എ ഹിന്ദി - 1* <br> എച്ച്.എസ്.എ. ഇംഗ്ലീഷ് - 1* <br> എച്ച്.എസ്.എ (ഗണിതം) - 2* <br> എച്ച്.എസ്.എ ഫിസിക്കൽ സയൻസ്- 1* <br> എച്ച്.എസ്.എ നാച്യുറൽ സയൻസ് - 1* <br> എച്ച്.എസ്.എ സോഷ്യൽ സയൻസ് -1* <br> എച്ച്.എസ്.എ. ഫിസിക്കൽ എഡ്യൂക്കേഷൻ - 1* <br> എം.സി.ആർ.റ്റി. - 1* |
| | **പാലക്കാട്** | |
| 13 | മോഡൽ റസിഡൻഷ്യൽ സ്കൂൾ അട്ടപ്പാടി | മ്യൂസിക് ടീച്ചർ - 1 <br> എം.സി.ആർ.ടി. - 1 |
| 14 | മോഡൽ റസിഡൻഷ്യൽ സ്കൂൾ തൃത്താല | എച്ച്.എസ്.എ. കണക്ക് - 1 <br> എച്ച്.എസ്.എ ഹിന്ദി - 1 <br> എച്ച്.എസ്.എ.(സോഷ്യൽ സയൻസ്) -1 <br> എം.സി.ആർ.റ്റി. - 1 |
| 15 | ഗവൺമെന്റ് ആശ്രമം ഹയർ സെക്കണ്ടറി സ്കൂൾ മലമ്പുഴ | എച്ച്.എസ്.എ (എസ്.എസ്.) - 1 <br> എച്ച്.എസ്.എ (ഗണിതം) - 1 <br> മ്യൂസിക്/ഡ്രോയിംഗ് ടീച്ചർ - 1 <br> എം.സി.ആർ.റ്റി. - 1 |
| 16 | ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ, <br> നടുവത്തപ്പാറ, കുഴൽമന്ദം | എം.സി.ആർ.റ്റി. - 1 <br> ഗ്രാജുവേറ്റ് ഹിന്ദി ടീച്ചർ - 1 <br> ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ -1 |

| | | |
|---|---|---|
| | **കോഴിക്കോട്** | |
| 17 | ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ ഉള്ളിയേരി | എം.സി.ആർ.റ്റി. -1 |
| | **വയനാട്** | |
| 18 | ആശ്രമം ഹൈസ്കൂൾ തിരുനെല്ലി വയനാട് | എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്)-1<br>എച്ച്.എസ്.എ നാച്യുറൽസയൻസ് -1<br>എൽ.പി.എസ്.എ -3 |
| 19 | ജി.എം.ആർ.എസ്. കൽപ്പറ്റ | എച്ച്.എസ്.എ. നാച്യുറൽസയൻസ് -1 |
| | **കണ്ണൂർ** | |
| 20 | ജി.എം.ആർ.എസ്. പട്ടുവം | എം.സി.ആർ.റ്റി. - 1<br>എച്ച്.എസ്.എ (ഹിന്ദി) - 1<br>എച്ച്.എസ്.എ (ഗണിതം) - 1 |
| | **കാസർഗോഡ്** | |
| 21 | ജി.എം.ആർ.എസ്. ഫോർ ഗേൾസ് പരവനടുക്കം | എച്ച്.എസ്.എ (ഇംഗ്ലീഷ്) -1<br>എം.സി.ആർ.ടി - 1<br>(വനിത)<br>എച്ച്.എസ്.എ (മലയാളം) - 1* |

(*പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നുള്ള നിർദ്ദേശത്തിനു വിധേയമായി മാത്രമേ നിയമന നടപടികൾ സ്വീകരിക്കൂ)

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

*എസ്.ജി. 07.11.2015*